# വിദ്യാഭ്യാസ കച്ചവടത്തിനെതിരെ അണിനിരക്കുക

320.954
VID

സി.പി.ഐ.(എം) കേരള സംസ്ഥാനകമ്മിറ്റി
പ്രസിദ്ധീകരിക്കുന്നത്

വില: 0.75 രൂപ

അച്ചടി പി. കൃഷ്ണപിള്ള മെമ്മോറിയൽ പ്രിൻറിങ്ങ് &
പബ്ലിഷിംഗ് കമ്പനി (പ്രൈ) ലിമിറ്റഡ്, തിരുവനന്തപുരം.
തീയതി: 13..1..96

J 1035

# വിദ്യാഭ്യാസ കച്ചവടത്തിനെതിരെ അണിനിരക്കുക

കേരളത്തിലെ യു ഡി എഫ് ഗവൺമെൻറ് കൊണ്ടുവന്ന പുതിയ വിദ്യാഭ്യാസ നയത്തിനെതിരെ വിദ്യാർഥികളും അധ്യാപകരും മറ്റും ഈ അധ്യയനവർഷവും സമരം നടത്തുകയുണ്ടായി. മെഡിക്കൽ - കൊച്ചി സർവ്വകലാശാലാ വിദ്യാർഥികൾ മൂന്നുമാസത്തിലേറെക്കാലം പഠിപ്പുമുടക്കും നിരാഹാരമടക്കം മറ്റു സമരങ്ങളും നടത്തി. സംയുക്ത വിദ്യാർഥി സമരസമിതിയും പഠിപ്പുമുടക്കും വിദ്യാഭ്യാസ ബന്ദും ഒരു മാസക്കാലം നിരാഹാര സമരവും വടത്തി. സംയുക്ത അധ്യാപക സമരസമിതി ഒരു മാസത്തോളം നിരാഹാര സമരവും മറ്റു പ്രക്ഷോഭങ്ങളും നടത്തി. ഇതൊക്കെയായിട്ടും ആൻറണി ഗവൺമെൻറ് പ്രശ്നപരിഹാരത്തിനു ശ്രമിക്കാതെ നിഷേധാത്മക സമീപനം തുടരുന്നതിൽ പ്രതിഷേധിച്ച് വിദ്യാർഥികളും അധ്യാപകരും നിരാഹാര സമരം നിർത്തിവെച്ചു. തങ്ങൾ ഉന്നയിച്ച ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള പ്രക്ഷോഭം മറ്റു രൂപങ്ങളിൽ തുടരുന്നതിനു തീരുമാനിച്ചു.

യുഡിഎഫ് ഗവൺമെൻറ് അധികാരത്തിൽ വന്ന 1991 മുതൽ വിദ്യാഭ്യാസരംഗത്തു സ്വകാര്യവൽക്കരണവും കച്ചവടവൽക്കരണവും നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങിയിരുന്നു. നിലവി ലിരിക്കുന്ന

 320.954 VID

വ്യവസ്ഥയെ കീഴ്മേൽ മറിക്കുന്ന തരത്തി ലായിരുന്നു ഇത്. 1967ൽ ഇ എം എസിൻെറ നേതൃത്വത്തിലുള്ള ഐക്യമുന്നണി ഗവൺമെൻറ് 10-ാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കിയിരുന്നു. അന്നു മുതൽ സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ ഇതാണ് സ്ഥിതി. അധ്യാപകരുടെ സേവന - വേതന കാര്യങ്ങൾ നോക്കിവരുന്നതു സർക്കാരാണ്. സർക്കാർ - എയ്ഡഡ് കോളേജുകളിൽ പ്രീഡിഗ്രിക്കു ഫീസില്ല.ഈ കോളേജുകളിൽ ഡിഗ്രിമുതൽക്കുള്ള ക്ലാസ്സുകളിൽ ഒരേ ഫീസ് നിരക്കുകളും അധ്യാപകർക്ക് ഒരേശമ്പളവും സേവന വ്യവസ്ഥകളും ആണുള്ളത്.

മേല്പറഞ്ഞ രീതിയിൽ സർക്കാർ നിശ്ചയിച്ച വ്യവസ്ഥകളനുസരിച്ച് സ്വകാര്യ വിദ്യാലയങ്ങൾ നടത്തുന്നതു സ്വകാര്യവൽക്കരണമല്ല. അത്തരം എയ്ഡഡ് വിദ്യാലയങ്ങളെയും പൊതുവിദ്യാഭ്യാസ സംവിധാനത്തിൻെറ ഭാഗമായേ കണക്കാക്കാൻ കഴിയൂ. ഇതിനുപകരം വിദ്യാഭ്യാസ രംഗത്തെ ചുമതലകൾ നിർവഹിക്കുന്നതിൽ നിന്നു സർക്കാർ പിൻവലിയുന്നതിനെയാണ് സ്വകാര്യവൽക്കരണം എന്നു പറയുന്നത്.

ഒന്നാംക്ലാസ്സു മുതൽ കനത്ത ഫീസ് പിരിച്ചുകൊണ്ടും അധ്യാപകർക്കു സർക്കാർ കൊടുക്കുന്നതിലും വളരെ കുറഞ്ഞ ശമ്പളം നൽകിക്കൊണ്ടും നടത്തുന്ന അൺഎയ്ഡഡ് വിദ്യാലയങ്ങൾ സ്വകാര്യവൽക്കരണത്തിൻെറ ഭാഗമാണ്. ഈ വർഷം ആദ്യം 346 അത്തരം സ്കൂളുകൾ ഉണ്ടായിരുന്നു. ഈ വർഷം 268 എണ്ണത്തിനു കൂടി സർക്കാർ അനുമതി നൽകി. 62 അൺഎയ്ഡഡ് കോളേജുകളും ഈ വർഷം ആരംഭിച്ചിട്ടുണ്ട്. അതിനു പുറമെ മൂന്നു 'സ്വാശ്രയ' കോളേജുകൾ ഗവൺമെൻറും നിരവധി 'സ്വാശ്രയ' കോഴ്സുകൾ സർവകലാശാലകളും നടത്തുന്നു. മൊത്തം ചെലവിന് ആവശ്യമുള്ളതിനെക്കാൾ കൂടുതൽ ഫീസ് ഈടാക്കുകയും അധ്യാപകർക്കു സർക്കാർ നിരക്കിൽ വേതനം നൽകാതിരിക്കുകയും ചെയ്യുന്ന ഇത്തരം സ്കൂളുകളും കോളേജുകളും മറ്റും വിദ്യാഭ്യാസത്തിൻെറ കച്ചവടവൽക്കരണത്തിനു ദൃഷ്ടാന്തമാണ്. കനത്ത ഫീസ് മൂലം പാവപ്പെട്ടവരുടെ കുട്ടികൾക്ക് ഈ വിദ്യാലയങ്ങൾ അപ്രാപ്യമാണ്. അധ്യാപകർക്ക് ഇവയിൽ സേവന - വേതന സുരക്ഷിതത്വമില്ല. അങ്ങനെ ഇരട്ട ചൂഷണമാണ് ഈ കച്ചവടസ്ഥാപനങ്ങളിൽ നടക്കുന്നത്.

ഇതിനെതിരെ വിദ്യാർഥികളും അധ്യാപകരും നാലുവർഷമായി സമരം ചെയ്തു വരികയാണ്. നൂറുകണക്കിന് അൺ എയ്ഡഡ് സ്കൂളുകൾ ആരംഭിക്കാൻ സർക്കാർ ആദ്യം പച്ചക്കൊടി കാട്ടി. സർവകലാശാലാ നിയമങ്ങൾ ഏകീകരിക്കുന്നതിൻെറ പേരിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ ജനാധിപത്യ സംവിധാനത്തെ തകിടം മറിക്കാനും ഉദ്യോഗസ്ഥരെയും സ്വകാര്യ മാനേജുമെൻറുകളെയും കയറൂരി വിടാനും സർക്കാർ മുതിർന്നു. വിദ്യാർഥികളുടെയും അധ്യാപകരുടെയും മറ്റും എതിർപ്പിനെത്തുടർന്ന് അൺ എയ്ഡഡ് സ്കൂളുകൾക്ക് അനുവാദം നൽകലും സർവകലാശാലാ നിയമ ഏകീകരണ ശ്രമവും അവസാനം ഉപേക്ഷിക്കപ്പെട്ടു. കഴിഞ്ഞ അധ്യയന വർഷം അൺഎയ്ഡഡ് സ്കൂളുകളും കോളേജുകളും 'സ്വാശ്രയ' കോളേജുകളും

കോഴ്സുകളും ആരംഭിക്കുന്നതിനു സർക്കാർ നടപടികൾ ആരംഭിച്ചു. ആ നീക്കങ്ങൾക്കെതിരെ വീണ്ടും വിദ്യാർഥികളും അധ്യാപകരും പ്രത്യക്ഷ സമരവും നിയമയുദ്ധവും നടത്തി. കോടതി വിലക്കുകൾ വന്നതും സമരം രൂക്ഷമായതും മൂലം ഗവൺമെൻറിനു പുതിയ വിദ്യാലയങ്ങൾ അനുവദിക്കുന്നതിനു കഴിഞ്ഞില്ല. ആ സമരത്തിൻെറ ഒരു ഘട്ടത്തിൽ കൂത്തുപറമ്പിൽ അഞ്ച് എസ് എഫ് ഐ - ഡിവൈഎഫ്ഐ പ്രവർത്തകരെ പോലീസ് അകാരണമായും അന്യായമായും വെടിവച്ചു കൊന്നതിനെ തുടർന്നു ഗവൺമെൻറ് സമരക്കാരും പ്രതിപക്ഷ നേതാക്കളുമായി ഒത്തുതീർപ്പിനു തയാറായി. കോളേജുകൾ തുടങ്ങുന്നതു സംബന്ധിച്ച് സുപ്രീംകോടതി വിധി വന്നശേഷം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത ശേഷമേ തർക്ക വിഷയങ്ങളിൽ എന്തെങ്കിലും നടപടി കൈക്കൊള്ളുകയുള്ളൂ എന്നു മുഖ്യമന്ത്രി കെ കരുണാകരനും വിദ്യാഭ്യാസ മന്ത്രി ഇ ടി മുഹമ്മദ്ബഷീറും രേഖാമൂലം ഉറപ്പുനൽകി. എന്നാൽ ഈ അധ്യയന വർഷത്തിൽ പുതിയ മുഖ്യമന്ത്രി എ കെ ആൻറണിയും വിദ്യാഭ്യാസ മന്ത്രി ബഷീറും ചെയ്തത് കഴിഞ്ഞവർഷത്തെ വാഗ്ദാനം അനുസരിച്ചു ചർച്ച നടത്താതെ, ഏകപക്ഷീയമായി 268 അൺഎയ്ഡഡ് സ്കൂളുകളും 62 അൺഎയ്ഡഡ് കോളേജുകളും സർവകലാശാലകളിൽ ഏറെ 'സ്വാശ്രയ' കോഴ്സുകളും അനുവദിക്കുകയായിരുന്നു. അതാണ് ഈ വർഷം വിദ്യാർഥികളുടെയും അധ്യാപകരുടെയും സമരങ്ങൾക്ക് ഇടയാക്കിയത്.

പുതിയ വിദ്യാലയങ്ങൾ ഉടൻ അനുവദിച്ചില്ലെങ്കിൽ കേരളത്തിലെ വിദ്യാഭ്യാസ രംഗത്തു വലിയൊരു അത്യാഹിതം ഉണ്ടാകും എന്ന മട്ടിലാണ് യു ഡി എഫ് ഗവൺമെൻറ് ജനങ്ങളുടെ മുമ്പിൽ ഈ വിഷയം അവതരിപ്പിച്ചത്. കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ വർധിക്കണമോ, അവരുടെ നിലവാരം ഉയരണമോ, അവരുടെ തൊഴിൽ സാധ്യത വർധിക്കണമോ? എങ്കിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉടൻ ആരംഭിക്കണം.. ഗവൺമെൻറിനു അവ ആരംഭിക്കുന്നതിനുള്ള ധനശേഷിയില്ല. അതിനാൽ സ്വകാര്യമേഖലയിൽ അൺഎയ്ഡഡ് വിദ്യാലയങ്ങളായോ പൊതുമേഖലയിൽ 'സ്വാശ്രയ' സ്ഥാപനങ്ങളായോ അവ ആരംഭിക്കണം. ഇതാണ് ഗവൺമെൻറ് കൈക്കൊണ്ട നിലപാട്.

## അൺഎയ്ഡഡ് സ്കൂളുകൾ

ഗവൺമെൻറിൻെറ ഈ വാദഗതി വസ്തുതകൾക്ക് എത്രത്തോളം നിരക്കുന്നതാണെന്നു നോക്കാം. 1994-95 ൽ 58,08,107 വിദ്യാർഥികൾ 12096 സ്കൂളുകളിലായി പഠിച്ചിരുന്നു. അവയിൽ 346 എണ്ണം അൺഎയ്ഡഡ് ആയിരുന്നു. അവയിൽ പഠിച്ചിരുന്നത് ഏകദേശം ഒന്നേമുക്കാൽ ലക്ഷം വിദ്യാർഥികളാണ്. മൊത്തം വിദ്യാർഥികളിൽ 3 ശതമാനം പേർ. ഈ വർഷം ആരംഭിച്ചിരിക്കുന്നത് 268 അൺഎയ്ഡഡ് സ്കൂളുകളാണ്. അവ പൂർണ്ണ രൂപത്തിൽ പ്രവർത്തിക്കാൻ തുടങ്ങിയാൽ മൊത്തം വിദ്യാർഥികളിൽ 5-6 ശതമാനം അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നുണ്ടാകും. ഇവയുടെ നിലവാരം എത്ര

ഉന്നതമായാലും, പൊതുമേഖലാ സ്ഥാപനങ്ങളിൽ പഠിക്കുന്ന 94-95 ശതമാനം വിദ്യാർഥികളുടെ നിലവാരം ഉയരില്ല. അതിനു മറ്റു മാർഗ്ഗങ്ങൾ ആരായണം.

കുട്ടികളുടെ എണ്ണം ഓരോവർഷം കഴിയുംതോറും വർധിക്കുന്നതു കൊണ്ടാണ് പുതിയ സ്കൂളുകൾ അനുവദിക്കുന്നത് എന്നു പറയാനാവില്ല. കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഓരോ വർഷവും മൊത്തം സ്കൂൾ വിദ്യാർഥികളുടെ എണ്ണത്തിൽ, പ്രത്യേകിച്ച് പ്രൈമറി ക്ലാസുകളിൽ, കുറവു വരുന്നുണ്ട്. ജനസംഖ്യാ നിയന്ത്രണം മൂലം കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഈ പ്രവണത തുടരും എന്നാണ് സർക്കാരിൻെറ വിലയിരുത്തൽ. 1994ൽ സ്വകാര്യമേഖലയിൽ 793 ഉം സർക്കാർവക 472 ഉം ആയി മൊത്തം 1265 സ്കൂളുകൾ വിദ്യാർഥികളുടെ എണ്ണക്കുറവു മൂലം ആദായകരമല്ല എന്നു ഗവൺമെൻറ് വിലയിരുത്തിയിട്ടുണ്ട്. ഓരോ വർഷവും ഇത്തരം സ്കൂളുകളുടെ എണ്ണം വർധിക്കുകയാണ്. അപ്പോഴാണ് പുതിയ 268 അൺഎയ്ഡഡ് സ്കൂളുകൾ ഒറ്റയടിക്ക് അനുവദിക്കുന്നത്. അടുത്തൊന്നും സ്കൂൾ സൗകര്യമില്ലാത്ത പ്രദേശങ്ങളിൽ അവ അനുവദിക്കുന്നതു മനസ്സിലാക്കാം. എന്നാൽ, ധാരാളം സ്കൂളുകളുള്ള പഞ്ചായത്തുകളിലും നഗരങ്ങളിലും അവ അനുവദിച്ചിട്ടുണ്ട്. അതു കൂടുതൽ സ്കൂളുകളെ ആദായകരമല്ലാതാക്കുകയേയുള്ളൂ.

വിദ്യാഭ്യാസച്ചെലവ് വെട്ടിച്ചുരുക്കുന്നതിൻെറയോ ആ രംഗത്തെ ദുർവ്യയം ഒഴിവാക്കുന്നതിൻെറയോ പേരിൽ ഇത്തരം സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് ഇന്നല്ലെങ്കിൽ നാളെ ഗവൺമെൻറ് മുതിരും. തൻമൂലം സംഭവിക്കുക ഈ വിദ്യാലയങ്ങളെ ആശ്രയിച്ചു പഠിക്കുന്ന ദരിദ്ര വിദ്യാർഥികളുടെ വിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടപ്പെടുകയാണ്. അവർക്ക് അൺഎയ്ഡഡ് സ്കൂളിൽ പ്രതിമാസം 250 രൂപയോ കൂടുതലോ ഫീസു കൊടുക്കാനുള്ള ത്രാണിയില്ല. അകലെയുള്ള പൊതുമേഖലാ സ്കൂളിൽ പോകാനും കഴിയില്ല. ഓരോ വർഷവും അൺഎയ്ഡഡ് സ്കൂളുകളുടെ എണ്ണം വർധിപ്പിക്കുന്നതിൻെറ പ്രത്യാഘാതം വിദ്യാഭ്യാസത്തിനുള്ള അവസരം ദരിദ്രരും പിന്നോക്കക്കാരുമായ കൂടുതൽ കൂടുതൽ വിദ്യാർഥികൾക്കു നിഷേധിക്കപ്പെടും എന്നതാണ്. ചുരുക്കത്തിൽ, പൊതുവിദ്യാഭ്യാസം സൗജന്യവും ഏതാണ്ട് സാർവത്രികവുമായിക്കൊണ്ടിരിക്കുന്ന കേരളത്തിൽ അക്കാര്യത്തിലുള്ള പിന്നോട്ടുപോക്കിനാണ് അൺഎയ്ഡഡ് സ്കൂളുകളുടെ വർധന ഇടയാക്കുക. ഇത് അനുവദിച്ചുകൂട.

സ്കൂളുകളുടെ പൊതുനിലവാരം ഉയർത്തേണ്ടതില്ല എന്നല്ല ഇതിനർഥം. പ്രൈമറി ക്ലാസുകളിൽ ഭൂരിപക്ഷം വിദ്യാർഥികളുടെയും നിലവാരം മലയാളത്തിലും കണക്കിലും മോശമാണ് എന്നാണ് അതു സംബന്ധിച്ച പഠനങ്ങൾ കാണിക്കുന്നത്. പിന്നോക്കം നിൽക്കുന്ന വിദ്യാർഥികളെ സഹായിക്കാനുള്ള പ്രത്യേക ഏർപ്പാടുകൾ, അധ്യയനം കൂടുതൽ രസകരമാക്കൽ, കാണാപ്പാഠം [illegible]ിക്കുന്നതിനുള്ള കഴിവിനപ്പുറം കുട്ടികളുടെ ബഹുമുഖമായ വൈ[illegible]ങ്ങൾ വികസിപ്പിക്കാനുള്ള ശ്രമം – ഇതൊക്കെ വേണം. സ്കൂളുകളുടെ നടത്തിപ്പ് പഞ്ചായത്തു

കൾക്കും നഗരസഭകൾക്കും കീഴിലാക്കി അതു ജനപങ്കാളിത്തത്തോടെ യാക്കുന്നതിനു മൂർത്തമായ നടപടികൾ വേണം. ഉള്ളടക്കത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തണം. ഇതിനു പകരം ടൈ കെട്ടു കയും ഇംഗ്ലീഷ് മാധ്യമത്തിൽ പഠിപ്പിക്കുകയും മലയാളം പഠിക്കുക യേ വേണ്ട എന്നുവെക്കുകയും ചെയ്യുന്നതിന് ഉപകരിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾ വ്യാപകമാക്കുകയാണ് വിദ്യാഭ്യാസ നിലവാരം ഉയർത്താൻ വേണ്ടത് എന്ന തെറ്റിദ്ധാരണ തിരുത്തപ്പെടണം.

## അൺ എയ്ഡഡ് കോളേജുകൾ

കേരളത്തിൽ 174 ആർട്സ് ആൻഡ് സയൻസ് കോളേജുകളുണ്ട്. കൂടാതെ 50 ഓളം പ്രൊഫഷണൽ കോളേജുകളുണ്ട്. അവയിലും സർവകലാശാലകളിലുമായി 1,05,000 വിദ്യാർഥികൾ പ്രീഡിഗ്രിക്കും 45,000 വിദ്യാർഥികൾ ഡിഗ്രിക്കും 5000 വിദ്യാർഥികൾ പി ജിക്കും ഓരോവർഷവും ചേരുന്നു. അതേ സമയം 1,15,000 വിദ്യാർഥികൾ പ്രീഡിഗ്രിക്കും 39,000 ഡിഗ്രിക്കും 14,000 പി ജി ക്കും കോളേജിൽ പോകാതെ സ്വകാര്യ വിദ്യാർഥികളായി പഠിക്കുന്നുണ്ട്. പത്താംക്ലാസ് പാസ്സാകുന്ന മൂന്നുലക്ഷത്തോളം വിദ്യാർഥികളിൽ വലിയൊരു വിഭാ ഗത്തിന് ഉന്നത വിദ്യാഭ്യാസ സൗകര്യം ഇപ്പോൾ തന്നെയുണ്ട് എന്നാണ് ഈ കണക്കുകൾ കാണിക്കുന്നത്. പോളിടെക്നിക്കുകൾ, ഐടിഐകൾ മുതലായവയിലെ പഠന സൗകര്യം ഇതിനു പുറമെയാ ണ്. ഈ സ്ഥിതി നിലവിലിരിക്കെയാണ് ഈ വർഷം മാത്രം 62 അൺഎയ്ഡഡ് കോളേജുകൾ സർക്കാർ അനുവദിച്ചിരിക്കുന്നത്.

തൊഴിൽ സാധ്യത കൂടുതലുള്ള വിഷയങ്ങൾ പഠിപ്പിക്കുന്നതിനു വേണ്ടിയാണ് ഇവ അനുവദിച്ചത് എന്നാണ് ഗവൺമെൻറിൻെറ വാദം. നിലവിലുള്ള കോളേജുകളിലെ നിലവിലുള്ള കോഴ്സുകൾ പരിഷ്കരിച്ച് പുതിയവ ഏർപ്പെടുത്താമെന്നു പല സ്വകാര്യ കോളേജ് അധികൃതരും നിർദ്ദേശിച്ചിരുന്നു. എന്തുകൊണ്ട് ഗവൺമെൻറ് അതിനു തയാറായില്ല എന്നതിനു തൃപ്തികരമായ വിശദീകരണം അധികാരികൾ നൽകിയിട്ടില്ല. മാത്രമല്ല, പുതുതായി അനുവദിച്ച കോളേജുകളുടെ കൂട്ടത്തിൽ ബി എഡ് കോളേജുകൾ പലതുണ്ട്. അത്തരം പുതിയ കോളേജുകളുടെ ആവശ്യം ഇല്ല എന്നു പഠനങ്ങളുടെ അടിസ്ഥാന ത്തിൽ കേരളത്തിലെ ആസൂത്രണ ബോർഡ് നിർദ്ദേശിച്ചിരുന്നു. എന്നിട്ട് അവ എന്തിന് അനുവദിച്ച ു എന്നതിനും സർക്കാരിനു വിശദീകരണ മില്ല.

ഈ കോളേജുകൾക്ക് അപേക്ഷിച്ച പല സ്ഥാപനങ്ങളും വിദ്യാ ഭ്യാസ രംഗത്ത് എന്തെങ്കിലും പ്രവർത്തന പരിചയം ഉള്ളവയല്ല. ഒരു കോളേജോ സ്കൂളോ നടത്തുന്നതിനുള്ള ആസ്തി അവയിൽ മിക്കതിനു മില്ല. കേരളത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുകയോ ചെറുപ്പ ക്കാരുടെ തൊഴിൽ സാധ്യത വർധിപ്പിക്കുകയോ ലക്ഷ്യമാക്കിയ സ്ഥാ പനങ്ങളും വ്യക്തികളുമാണ് ഈ കോളേജുകൾക്കു നേതൃത്വം നൽ കുന്നത് എന്നു പറയാനുമാവില്ല. ഗവൺമെൻറ് - എയ്ഡഡ് കോളേ ജുകളിൽ ഏതാണ്ട് 400 രൂപ ഡിഗ്രി ക്ലാസിൽ വാർഷിക ഫീസ് വാങ്ങുന്ന സ്ഥാനത്തു ബി എ ക്ക് 4000 രൂപയും ബി എസ് സി ക്ക്

8000 രൂപയും ഫീസ് വാങ്ങാൻ സർക്കാർ അനുവദിച്ച പശ്ചാത്തലത്തിലാണ് ഇത്തരം കോളേജ് തുടങ്ങാൻ പലരും തിക്കിത്തിരക്കുന്നത്. നാട്ടുകാരെ പിഴിഞ്ഞെടുത്ത് പണമുണ്ടാക്കുകയാണവരുടെ ലക്ഷ്യം.

തൊഴിൽ സാധ്യതയുള്ള കോഴ്സുകളൊക്കെ അൺഎയ്ഡഡ് കോളേജുകളിലോ സ്വാശ്രയ കോഴ്സുകളോ ആക്കിയതുമൂലം സാധാരണക്കാരും പാവപ്പെട്ടവരുമായ വിദ്യാർത്ഥികൾക്ക് അവയിൽ പഠിക്കുന്നതിനുള്ള അവസരം നിഷേധിക്കപ്പെടുന്നു. തൊഴിലവസരവും അതിനു യോജിച്ച മെച്ചപ്പെട്ട വിദ്യാഭ്യാസവും പണക്കാരുടെ കുട്ടികൾക്കായി സംവരണം ചെയ്തുവെക്കുകയാണ് സർക്കാർ ചെയ്യുന്നത്. ഇവിടെയും യുഡിഎഫിൻെറ താല്പര്യം ജനസാമാന്യത്തിൻെറ കുട്ടികൾക്കു മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പാക്കുകയല്ല, വിദ്യാഭ്യാസക്കച്ചവടം നടത്താൻ ഒരുകൂട്ടം സ്വകാര്യ മാനേജർമാർക്ക് അവസരം ഉണ്ടാക്കിക്കൊടുക്കുകയാണ്.

ഉണ്ണിക്കൃഷ്ണൻ കേസിൽ സുപ്രീംകോടതി വിധിയിലെ താല്പര്യമനുസരിച്ച് ഗവൺമെൻറിൻെറ ഒരു സഹായവും കൂടാതെ നടത്തപ്പെടുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സർക്കാർ സ്ഥാപനങ്ങളിലെ ഫീസിനെക്കാൾ ഉയർന്ന ഫീസ് വാങ്ങാം. എന്നാൽ മൊത്തം വിദ്യാർത്ഥികളിൽ പകുതി പേരെ മാർക്കിൻെറ അടിസ്ഥാനത്തിൽ പ്രവേശിപ്പിക്കണം. അവരിൽ നിന്നു സർക്കാർ കോളേജുകളിലെ ഫീസേ വാങ്ങാവൂ. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ആശ്വാസകരമായ സുപ്രീംകോടതിയുടെ ഈ വ്യവസ് ഥ കേരളത്തിലെ പുതിയ കോളേജുകൾക്കു ബാധകമാക്കുന്നതിനു ഗവൺമെൻറ് ഒരു താല്പര്യവും കാണിച്ചിട്ടില്ല.

മേല്പറഞ്ഞ വസ്തുതകളിൽ നിന്നു ഗവൺമെൻറ് അൺഎയ്ഡഡ് കോളേജുകൾ അനുവദിച്ചത് ഉന്നത വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനോ പൊതുവിൽ വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത വർധിപ്പിക്കുന്നതിനോ ആണ് എന്നു പറയാൻ വയ്യ. കോളേജ് നടത്തുന്ന പണക്കാർക്കും ഉയർന്ന ഫീസ് കൊടുക്കാൻ തയാറുള്ളവർക്കും ചില നേട്ടങ്ങൾ ഉണ്ടാക്കുന്നതിലാണ് ഗവൺമെൻറ് ശ്രദ്ധിച്ചിരിക്കുന്നത്. ഇത് കേരളത്തിലെ മഹനീയമെന്നു പലരും വാഴ്ത്തിയിട്ടുള്ള വിദ്യാഭ്യാസ പാരമ്പര്യത്തിനു നിരക്കാത്തതാണ് എന്നു പ്രത്യേകം പറയേണ്ടതില്ല.

## 'സ്വാശ്രയ' വിദ്യാഭ്യാസം

ഇതിലും വലിയ കടുംകൈയാണ് 'സ്വാശ്രയ' സ്ഥാപനങ്ങളുടെയും കോഴ്സുകളുടെയും കാര്യത്തിൽ ഗവൺമെൻറ് ചെയ്തുവരുന്നത്. സർക്കാരിൻെറയോ സർവകലാശാലയുടെയോ കീഴിലാണ് 'സ്വാശ്രയ' സ്ഥാപനങ്ങളും കോഴ്സുകളും ആരംഭിച്ചിട്ടുള്ളത്. നേരത്തെ ചൂണ്ടിക്കാട്ടിയ ഉണ്ണിക്കൃഷ്ണൻ കേസിലെ വിധിപ്രകാരം സർക്കാർ നേരിട്ടു നടത്തുന്നതോ ഗ്രാൻറ് നൽകി നടത്തുന്നതോ ആയ സ്ഥാപനങ്ങളിൽ സർക്കാർ നിരക്കിലുള്ള ഫീസേ വാങ്ങാവൂ. സർക്കാർ സഹായമില്ലെങ്കിൽ കൂടുതൽ ഫീസ് ഈടാക്കാം.ഈ സുപ്രീംകോടതി വിധിയെ ദുർവ്യാഖ്യാനം ചെയ്താണ് ഗവൺമെൻറിൻെറയും സർവകലാശാലകളുടെയും സ്ഥാപനങ്ങളിൽ കൂടുതൽ ഫീസ് വാങ്ങാം എന്ന നിലപാട്

കേരള ഗവൺമെൻറ് കൈക്കൊണ്ടിരിക്കുന്നത്.

കൂടുതൽ ഫീസ് വാങ്ങുന്നതു മാത്രമല്ല ഗവൺമെൻറു ചെയ്യുന്ന ദ്രോഹം. പ്രവേശന സമയത്ത് ഒരു ലക്ഷം രൂപ ഡെപ്പോസിറ്റായി വാങ്ങുന്നു. ഇതു കാപ്പിറ്റേഷൻ ഫീസിൻെറ മറ്റൊരു രൂപമാണ്. സ്വകാര്യ കോളേജുകൾപോലും കാപ്പിറ്റേഷൻ ഫീ വാങ്ങുന്നതിനെ സുപ്രീംകോടതി തടഞ്ഞിരിക്കയാണ്. ആ സന്ദർഭത്തിലാണ് കേരള ഗവൺമെൻറ് സ്വന്തം സ്ഥാപനങ്ങളിലും സർവകലാശാലകളിലും ഒരു ലക്ഷം രൂപ വീതം ഡെപ്പോസിറ്റു വാങ്ങുന്നത്. കോഴ്സ് കഴിഞ്ഞു പോകുമ്പോൾ വിദ്യാർഥിക്ക് ആ തുക തിരികെകൊടുക്കും എന്നാണ് ന്യായം. അതിനു പുറമെ 'സ്വാശ്രയ' കോളേജുകളിൽ 12500 രൂപയും കൊച്ചി സർവകലാശാലയിൽ 30,000 രൂപയും വാർഷിക ഫീസും ഈടാക്കുന്നു. ഗവൺമെൻറ് ഈടാക്കുന്ന 1300 രൂപയുടെ സ്ഥാനത്താണിത്. എഞ്ചിനീയറിംഗ് പ്രവേശന പരിക്ഷക്ക് ഇരുന്ന 30,000 വിദ്യാർഥികളിൽ ഒരു ചെറിയ ശതമാനത്തിനു മാത്രമേ ഇവ രണ്ടും നൽകാനുള്ള കഴിവുള്ളൂ. ഒരു ലക്ഷം രൂപ ഡെപ്പോസിറ്റ് വാങ്ങുന്ന ഏതാണ്ട് 1000 ത്തോളം സീറ്റുകൾ മൂന്നു 'സ്വാശ്രയ' എഞ്ചിനീയറിംഗ് കോളേജുകളിലും കൊച്ചി സർവകലാശാലയിലെ അഞ്ചു 'സ്വാശ്രയ' കോഴ്സുകളിലുമായുണ്ട്. എഞ്ചിനീയറിങ്ങിനു പഠിക്കാൻ ആഗ്രഹിക്കുന്ന കേരളത്തിലെ മിക്കവാറും സമ്പന്ന വിദ്യാർഥികൾക്കു ഇതുവഴി സീറ്റുകിട്ടുന്നു. അതേ സമയം അവരെക്കാൾ മികവുള്ള സാധാരണക്കാരും പാവപ്പെട്ടവരുമായ ഒട്ടുവളരെ വിദ്യാർഥികൾക്ക് അതിനുള്ള അവസരം നിഷേധിക്കപ്പെടുന്നു. സ്വാശ്രയകോഴ്സുകളിൽ സീറ്റ് ഒഴിഞ്ഞുകിട്ക്കുന്നതും സാധാരണ എൻജിനീയറിംഗ് കോളേജുകളിൽ ഒട്ടുവളരെ വിദ്യാർഥികൾ വെയ്റ്റിങ്ങ് ലിസ്റ്റിൽ നിൽക്കുന്നതും കാണിക്കുന്നത് അതാണ്.

കർണാടകത്തിൽ 50ൽ പരം അൺഎയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ 50,000 ൽപരം വിദ്യാർഥികൾക്കു പ്രവേശനം നൽകുമ്പോൾ കേരളത്തിലെ ഒമ്പതു കോളേജുകളിൽ ഏതാണ്ട് 3000 സീറ്റേയുള്ളൂ എന്നും അതിനാൽ കേരളത്തിൽ നിന്ന് അനവധി വിദ്യാർഥികൾ കർണ്ണാടകത്തിൽ പോയി പഠിക്കാൻ നിർബന്ധിതരാകുന്നു എന്നുമാകുന്നു പരാതി. അവിടെയുള്ളതുപോലെ എഞ്ചിനീയറിങ്ങിനും മെഡിസിനും ഉയർന്ന ഫീസ് നൽകി പഠിക്കാനുള്ള അവസരം കേരളത്തിലും ഉണ്ടാകണമെന്ന ആവശ്യത്തിൻെറ അടിസ്ഥാനത്തിലാണ് ഗവൺമെൻറ് മൂന്നു 'സ്വാശ്രയ' എഞ്ചിനീയറിംഗ് കോളേജുകളും അഞ്ച് 'സ്വാശ്രയ' കോഴ്സുകളും ഒരു അൺഎയ്ഡഡ് എഞ്ചിനീയറിംഗ് കോളേജും ഒരു അൺഎയ്ഡഡ് മെഡിക്കൽ കോളേജും തുടങ്ങാൻ അനുവദിച്ചത്.

കർണാടകത്തിലെ 50,000ൽ പരം അൺഎയ്ഡഡ് എഞ്ചനീയറിംഗ് സീറ്റുകളിൽ (അതുപോലെ മറ്റു വിഷയങ്ങളിലും) പകുതി സർക്കാർ ഫീസ് നൽകുന്ന മിടുക്കൻമാരായ വിദ്യാർഥികളെ മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശിപ്പിക്കുന്നതിനു നീക്കിവെക്കുന്നു. അതേ സമയം കേരളത്തിലെ 'സ്വാശ്രയ' കോഴ്സുകളിൽ മെരിറ്റുള്ളവർക്കു

സർക്കാർ നിരക്കിൽ ഫീസ് നൽകി പഠിക്കാനായി ഒറ്റ സീറ്റും ഒഴിച്ചിടുന്നില്ല.

ഇത് ആരെ സഹായിക്കാനാണ്? കേരളത്തത്തിലെ മിടുക്കൻമാരായ വിദ്യാർഥികളെയോ, സമ്പന്നരായ വിദ്യാർഥികളെയോ? ഉന്നത വിദ്യാഭ്യാസം കൂടുതൽ മിടുക്കുള്ളവർക്ക് എന്ന പ്രമാണമാണ് ലോകത്തെല്ലായിടത്തും എന്നപോലെ കേരളത്തിലും ഇതുവരെ അംഗീകരിക്കപ്പെട്ടിരുന്നത്. എന്നാൽ, മറ്റു ചിലേടങ്ങളിൽ പണക്കാർക്കു പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയതിൻെറ പേരിൽ ഇവിടെ അവർക്കുവേണ്ടി സർക്കാർ സ്ഥാപനങ്ങളിൽ തന്നെ കോഴ്സുകൾ നടത്തുകയാണ്. മറ്റിടങ്ങളിൽ പണക്കാർ പണക്കാർക്കു വേണ്ടി ഏതാനും വിദ്യാഭ്യാസ സ്ഥാപനങ്ങളും കോഴ്സുകളും നടത്തുമ്പോൾ ഇവിടെ സർക്കാർ പണക്കാർക്കു വേണ്ടി അവ നടത്തുന്നു. ഇതിനായി പ്രത്യക്ഷമായും പരോക്ഷമായും സർക്കാർ പണം ചെലവഴിക്കുകയും ചെയ്യുന്നു. മാത്രമല്ല, നഴ്സിംഗ്, ഫാർമസി, ലാബ്ടെക്നീഷ്യൻ, ഹോസ്പിറ്റൽ മാനേജ്മെൻറ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മുതലായി ജോലി സാധ്യത കൂടുതൽ ഉള്ളതായി പൊതുവെ കരുതപ്പെടുന്ന വിഷയങ്ങളിലുള്ള കോഴ്സുകൾ 'സ്വാശ്രയ'മായി നടത്തുകയാണ്. ഇവയൊക്കെ വിദഗ്ധ തൊഴിലുകൾക്കുള്ള പരിശീലനമാണ്. എഞ്ചിനീയറുടെയും ഡോക്ടറുടെയും ഒഴിവുകളെക്കാൾ എത്രയോ കൂടുതൽ ഈ മേഖലകളിൽ ഉണ്ടാകും. ഇവക്കുള്ള കോഴ്സുകൾ പൊതുമേഖലയിൽ നടത്തുന്നതിന് ഏറെ ചെലവില്ല. എന്നാൽ, പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്കുള്ള പ്രാധാന്യം ഗവൺമെൻറ് ഈ വിദഗ്ധ തൊഴിൽ കോഴ്സുകൾക്കു നൽകുന്നില്ല. പൊതുമേഖലയിൽ അവ ഏർപ്പെടുത്തുന്നുമില്ല. ഇതുമൂലം സാധാരണക്കാരായ വിദ്യാർഥികൾ ഏറെ പ്രയാസപ്പെടുന്നു. അവരുടെ പ്രശ്നങ്ങൾ യു ഡി എഫ് സർക്കാർ പരിഗണിക്കുന്നതേയില്ല. വിദ്യാർഥി പ്രക്ഷോഭത്തിനു മുഖ്യകാരണം സർക്കാർ സാധാരണക്കാരായ വിദ്യാർഥികളോടും അവരുടെ മാതാപിതാക്കളോടും കാണിക്കുന്ന കുറ്റകരമായ ഇത്തരം വിവേചനമാണ്.

## പരിയാരം മെഡിക്കൽ കോളേജ്

ഈ വിവേചനത്തിൻെറയും അതിനുവേണ്ടി പൊതുമുതൽ അന്യായമായി ചെലവിടുന്നതിൻെറയും അതിൻെറ മറവിൽ വൻ അഴിമതി നടത്തുന്നതിൻെറയും പ്രത്യക്ഷോദാഹരണമാണ് പരിയാരം മെഡിക്കൽ കോളേജ്.

കണ്ണൂരിലെ മെഡിക്കൽ കോളേജ് സഹകരണ മേഖലയിലാണെന്നും 3 വർഷം മുമ്പ് അത് പ്രവർത്തനം തുടങ്ങിയതാണെന്നും മുഖ്യമന്ത്രി എ കെ ആൻറണി പറയുന്നത് അടിസ്ഥാന രഹിതമാണ്. യഥാർത്ഥ വസ്തുതകൾ നമുക്കു പരിശോധിക്കാം.

1993 ലെ ബഡ്ജറ്റിൽ കണ്ണൂരിൽ ഒരു മെഡിക്കൽ കോളേജ് സഹകരണ മേഖലയിൽ ആരംഭിക്കുമെന്ന് ഗവർമെണ്ട് പ്രഖ്യാപിച്ചു. അതിനുവേണ്ടി 2 കോടി രൂപ പിന്നീട് ബജറ്റിൽ ഉൾപ്പെടുത്തി. 151 ഏക്കർ സർക്കാർ ഭൂമിയും പരിയാരം ടി ബി സാനിട്ടോറിയത്തിൻെറ കെട്ടിടവും നൽകി. ഹഡ്കോയിൽ നിന്ന് 100 കോടി രൂപയുടെ

വായ്പക്കു സർക്കാർ ജാമ്യം നിന്നു. ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് 8 കോടി രൂപ സമാഹരിച്ചു നൽകി.

എന്നാൽ മെഡിക്കൽ കോളേജിനു പകരം അതിനോടനുബന്ധിച്ചുള്ള ആശുപത്രി മാത്രമാണ് സഹകരണമേഖലയിൽ ആക്കിയത്. മെഡിക്കൽ കോളേജും ആശുപത്രി കോംപ്ലക്സും യഥാർത്ഥത്തിൽ രണ്ടു സ്ഥാപനങ്ങളാണ്. മെഡിക്കൽ കോളേജ് ഒരു സ്വകാര്യ ട്രസ്റ്റാണ് തുടങ്ങുന്നത്. ആശുപത്രി നടത്തുന്ന സഹകരണസംഘം തിരുവനന്തപുരത്തും കോളേജ് നടത്തുന്ന ട്രസ്റ്റ് തലശ്ശേരിയിലും ആണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആൻഡ് സെൻറർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ് എന്ന പേരിൽ 1969 ലെ സഹകരണ നിയമപ്രകാരമാണ് ആശുപത്രി സഹകരണ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തത്. എം വി രാഘവനാണ് ഇതിൻെറ പ്രസിഡണ്ട്.

മെഡിക്കൽ കോളേജിൻെറ ഉടമകളായ സ്വകാര്യ ട്രസ്റ്റിൻെറ പേര് 'അക്കാദമി ഓഫ് മെഡിക്കൽ സയൻസസ് എന്നാണ്. 1860 ലെ മദിരാശി സൊസൈറ്റി നിയമപ്രകാരം (പഴയ മലബാർ ജില്ലകളിൽ ഇന്നും ഈ നിയമത്തിനു പ്രാബല്യമുണ്ട്) ആണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഗവർമെണ്ട് നോമിനികളായി നേരത്തെ ഈ ട്രസ്റ്റിൽ അംഗങ്ങളായിരുന്ന സഹകരണ വകുപ്പ് സെക്രട്ടറി, ഹെൽത്ത് സെക്രട്ടറി, സ്റ്റേറ്റ് സഹകരണ രജിസ്റ്റർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, കണ്ണൂർ ജില്ലാ കളക്ടർ എന്നീ ഉന്നത ഉദ്യോഗസ്ഥരെ നീക്കം ചെയ്ത് ഈ സ്വകാര്യ ട്രസ്റ്റ് രജിസ്റ്റർ ചെയ്തതിന് അംഗീകാരം നൽകിയത് 1995 ജനുവരി ഒന്നിനാണ്. കേന്ദ്ര സംസ്ഥാന മന്ത്രിമാരായ കെ കരുണാകരൻ, എം വി രാഘവൻ, സി ടി അഹമ്മദാലി എന്നിവർ വ്യക്തികളെന്ന നിലയിലാണ് ട്രസ്റ്റിൽ അംഗങ്ങളായിട്ടുള്ളത്. സർക്കാർ മാറിയാലും ഇവരെ മാറ്റാൻ നിലവിലുള്ള നിയമപ്രകാരം കഴിയില്ല. കരുണാകരനാണ് ട്രസ്റ്റ് ചെയർമാൻ. രാഘവൻ വൈസ് ചെയർമാനും.

ഈ സ്വകാര്യ ട്രസ്റ്റിനാണ് മെഡിക്കൽ കോളേജ് തുടങ്ങാൻ കേന്ദ്ര ഗവൺമെൻറിൻെറ അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇക്കാര്യം ചീഫ് സെക്രട്ടറി ചെയർമാനായ സെക്രട്ടറിമാരുടെ കമ്മിറ്റി റിപ്പോർട്ടിൽ വെളിവാക്കിയിട്ടുണ്ട്. സ്വന്തമായി മെഡിക്കൽ കോളേജില്ലാത്ത, മെഡിക്കൽ മേഖലയിൽ മുൻകാല പരിചയമില്ലാത്ത, ഒരു ലക്ഷത്തിൽപ്പരം രൂപ മാത്രം ആസ്തിയുള്ള ഒരു സ്വകാര്യട്രസ്റ്റിന് മെഡിക്കൽ കോളേജ് തുടങ്ങാൻ അനുമതി കൊടുത്തത് നിയമവിരുദ്ധമാണ്. അതിന് ഇന്നു പ്രസക്തിയില്ല. കാലിക്കറ്റ് സർവകലാശാല കഴിഞ്ഞ അധ്യയനവർഷം ഈ മെഡിക്കൽ കോളേജിനു താൽക്കാലിക അഫിലിയേഷൻ നൽകിയിരുന്നു. ഈ വർഷം കൊടുത്തിട്ടില്ല. അഫിലിയേഷനില്ലാതെ ഒരു കോളേജ് നടത്തുന്നതു നിയമ വിരുദ്ധമാണ്.

മെഡിക്കൽ കോളേജ് സ്വകാര്യട്രസ്റ്റിനു കീഴിലാക്കിയതിൻെറ പിന്നിൽ രണ്ടു ലക്ഷ്യങ്ങളാണുള്ളത് ഒന്ന്, സ്വകാര്യ മെഡിക്കൽ

കോളേജിനു മാത്രമെ എൻ ആർ ഐ – പേമെൻറ് സീറ്റുകളിൽ കച്ചവടം നടത്താൻ കഴിയൂ. 23 ലക്ഷം രൂപയാണ് ഒരു എൻ ആർ ഐ സീറ്റിനു നിശ്ചയിച്ചിട്ടുള്ള വില. സുപ്രീംകോടതി വിധിപ്രകാരം സർക്കാരിൻെറ സ്വത്ത് ഉൾപ്പെടുന്ന ഒരു മാനേജ്മെൻറിനും പേമെൻറ് സീറ്റ് അനുവദനീയമല്ല. രണ്ടാമത്തേത്, സ്വകാര്യട്രസ്റ്റ് രൂപീകരണത്തിലൂടെ കരുണാകരനും രാഘവനും ആജീവനാന്തം മെഡിക്കൽ കോളേജിനുടമകളാകാം. അതിനാണ് തലശ്ശേരിയിൽ 1860 ലെ സൊസൈറ്റി ആക്ട് പ്രകാരം സ്വകാര്യ ട്രസ്റ്റ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ നിയമപ്രകാരം പ്രസ്തുത ട്രസ്റ്റിനു സർക്കാർ നിയന്ത്രണമോ ആഡിറ്റിങ്ങോ ബാധകമല്ല. സ്വാഭാവികമായും കോടികളുടെ വിദ്യാഭ്യാസ കച്ചവടം പൊതുജനമറിയാതെ നടത്താം. സർക്കാരിൻെറ വമ്പിച്ച സ്വത്ത് നിയമവിരുദ്ധമായി കൈവശപ്പെടുത്താം. നഗ്നമായ വഞ്ചനയും ധാർമ്മികാധഃപതനവുമാണിത്.

സഹകരണ മേഖലയിലാണ് കോളേജ് എന്നാണ് സർക്കാർ പ്രചരിപ്പിച്ചതും ജനങ്ങളുടെ ധാരണയും. എന്നാൽ സ്വകാര്യ ട്രസ്റ്റാണ് കോളേജ് നടത്തുന്നതെന്നു മനസ്സിലായപ്പോഴാണ് രാഷ്ട്രീയവ്യത്യാസമില്ലാതെ മെഡിക്കൽ വിദ്യാർഥികൾ ഒന്നടങ്കം സമരരംഗത്തേക്കിറങ്ങിയതും ബഹുജനങ്ങളുടെയാകെ ശ്രദ്ധ ആകർഷിച്ചതും. കരുണാകരനും അഹമ്മദാലിക്കും രാഘവനും സ്വകാര്യമേഖലയിൽ മെഡിക്കൽ കോളേജ് തുടങ്ങി സീറ്റു കച്ചവടം നടത്താൻ കോടികൾ വിലമതിക്കാവുന്ന പൊതുമുതൽ തട്ടിയെടുത്തിരിക്കുന്നുവെന്നാണ് വിദ്യാർഥികൾ ചൂണ്ടിക്കാട്ടുന്ന പ്രശ്നം. കേരളത്തിൻെറ ചരിത്രത്തിൽ വിദ്യാഭ്യാസരംഗത്ത് നടന്ന ഏറ്റവും വലിയ അഴിമതിയാണിത്. പാമോയിൽ ഇടപാട് 7 കോടി രൂപയുടേതായിരുന്നു. ഇത് അതിൻെറ എത്രയോ ഇരട്ടിവരും.

പരിയാരം മെഡിക്കൽ കോളേജിനു പിന്നിലെ അഴിമതി ഇങ്ങനെ സംഗ്രഹിക്കാം. ഗവൺമെൻറിൻെറ സ്വത്തും പൊതുമുതലും അക്കാദമി ഓഫ് മെഡിക്കൽ സയൻസസിനു നേരിട്ടു കൊടുക്കാൻ നിയമപരമായി കഴിയില്ല. കാരണം അതൊരു സ്വകാര്യ സൊസൈറ്റിയാണ്. എന്നാൽ സഹകരണ സ്ഥാപനമായതിനാൽ സഹകരണ ആശുപത്രിക്കു ഗവർമെണ്ട് സ്വത്തും പൊതുമുതലും കൊടുക്കാവുന്നതാണ്. സഹകരണ സ്ഥാപനത്തിന് എൻ ആർ ഐ സീറ്റും പേമെൻറ് സീറ്റും ഉള്ള മെഡിക്കൽ കോളേജ് നടത്താൻ കോടതി വിധിപ്രകാരം അനുവദനീയമല്ല. ഈ സാഹചര്യത്തിൽ സഹകരണ സൊസൈറ്റി തിരുവനന്തപുരത്ത് രജിസ്റ്റർ ചെയ്ത് ഗവർമെണ്ട് സ്വത്തും പൊതുമുതലും വിട്ടുകൊടുക്കാൻ നടപടിയെടുത്തശേഷം ആ ആസ്തി ഉപയോഗപ്പെടുത്തി സ്വകാര്യ ട്രസ്റ്റിൻെറ കീഴിൽ മെഡിക്കൽ കോളേജ് തുടങ്ങിയിരിക്കുകയാണ്.

അക്കാദമി ഓഫ് മെഡിക്കൽ സയൻസസ് എന്ന സ്വകാര്യ ട്രസ്റ്റിനെ രാഘവനും കരുണാകരനും അഹമ്മദാലിയും അടക്കമുള്ളവർക്കു കോടികളുടെ മെഡിക്കൽ സീറ്റു കച്ചവടം നടത്താനും പൊതുമുതലും കോടിക്കണക്കിനു രൂപ വരുന്ന സർക്കാരിൻെറ സ്വത്തും

തട്ടിയെടുക്കുവാനും മറയാക്കിയിരിക്കുന്നുവെന്നതാണ് പരിയാരം മെഡിക്കൽകോളേജ് അഴിമതിയുടെ യഥാർത്ഥ മുഖം.

കർണ്ണാടകത്തെ ചൂണ്ടിക്കാട്ടി ന്യായീകരിക്കാവുന്നതല്ല ഈ കച്ചവടം. കേരളത്തിൽ പ്രതിവർഷം എഴുന്നൂറ് മെഡിക്കൽ സീറ്റുകളിലേക്ക് 30000 ത്തിലേറെ അപേക്ഷകരുണ്ട്. നൂറോ ഇരുന്നൂറോ പേർക്കായി കോഴകോളേജ് കേരളത്തിൽ തുടങ്ങിയാലും കർണാടകയിലേക്ക് ഒഴുകുന്ന പണത്തിൽ 10 രൂപപോലും തടയാനാവില്ല. അത് തുടരുന്നതോടൊപ്പം കേരളവും വൈദ്യ വിദ്യാഭ്യാസ കച്ചവടത്തിൻെറ കേന്ദ്രമാവുമെന്നുമാത്രം. കേരളത്തിൻെറ വൈദ്യവിദ്യാഭ്യാസ മേഖലയുടെ നിലവാരം തകരുകയും ചെയ്യും. പ്രതിവർഷം പുറത്തിറങ്ങുന്ന കേരളത്തിലെ 700 ഡോക്ടർമാരിൽ 200 പേർ അഖിലേന്ത്യാ മൽസര പരീക്ഷകളിൽ വിജയിച്ച് ഉന്നത പഠനത്തിനു ചേരുമ്പോൾ കർണ്ണാടകത്തിലെ 3662 ഡോക്ടർമാരിൽ കേവലം 50 ൽ താഴെപേർക്കു മാത്രമാണതു സാധിക്കുന്നത്. അവിടെത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ പഠിക്കുന്നവരാണ് അവരിൽ ഭൂരിഭാഗവും. കോഴ കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം എത്ര മോശമാണെന്ന് ഇതിൽ നിന്നു വ്യക്തം.

പരിയാരം മെഡിക്കിൽ കോളേജ് ഔപചാരികമായി ഉൽഘാടനം ചെയ്തത് 1996 ജനുവരിയിലാണ്. ഇതുസംബന്ധിച്ച യോഗത്തിൽ കെ കരുണാകരനും എം വി രാഘവനും ഇ അഹമ്മദും അവരുടെ സിൽബന്ധികളും മാത്രമാണ് കേരളത്തിലെ ഭരണമുന്നണി നേതാക്കളിൽനിന്നു പങ്കെടുത്തത്. മറ്റുള്ളവർ ബോധപൂർവ്വം അതിൽനിന്നു ഒഴിഞ്ഞുനിന്നു. ആ കോളേജിനെ സംബന്ധിച്ച് യുഡിഎഫ് നേതാക്കൾക്കിയിലുള്ള ഭിന്നാഭിപ്രായത്തിൻെറ പ്രതിഫലനമാണത്. ആദ്യമായി പ്രവേശനം നടത്തുന്ന ഈ വർഷം 50 ശതമാനം സീറ്റുകളിൽ മെരിറ്റനുസരിച്ചുള്ള പ്രവേശനം മാത്രമാണ് വലിയ ആക്ഷേപമില്ലാതെ നടന്നത്. അങ്ങനെ പ്രവേശനം കിട്ടിയവരിൽനിന്നും സർക്കാർ നിരക്കിലുള്ള ഫീസിനു പകരം 35,000 രൂപ വീതം വാങ്ങിയതു സംബന്ധിച്ചു പല രക്ഷിതാക്കളും വിദ്യാർഥികളും പരാതിപ്പെട്ടിട്ടുണ്ട്. എൻആർഐ സീറ്റുകളിലും മെരിറ്റ് അനുസരിച്ച് പ്രവേശനം നടത്തണമെന്ന വ്യവസ്ഥയിരിക്കെ അതൊന്നും നോക്കാതെ എം വി രാഘവനും കെ സുധാകരൻ എംഎൽഎയും ഗൾഫ് പര്യടനം നടത്തി സീറ്റിനു 40 ലക്ഷം രൂപവരെ വാങ്ങിയതായി അറിയുന്നു. ഇത്തരത്തിൽ കോടിക്കണക്കിനു രൂപയുടെ അഴിമതി നടത്തി എന്നാണ് ആരോപണം. എൻആർഐ സീറ്റിൽ പ്രവേശനം നടത്തുന്നതിനുള്ള അഞ്ചംഗ സെലക്ഷൻ കമ്മിറ്റിയിൽ എം വി രാഘവൻ, സി ടി അഹമ്മദലി, പി പി ലക്ഷ്മണൻ, കെ സുധാകരൻ എംഎൽഎ, സിഎം പി നേതാവ് ബാലൻമാസ്റ്റർ എന്നിവരാണ് അംഗങ്ങൾ. ഒറ്റ വൈദ്യശാസ്ത്രവിദഗ്ദ്ധനോ അക്കാദമീഷ്യനോ ഇല്ല. സീറ്റു കച്ചവടം നടത്തുന്നതിനുവേണ്ടിയാണ് ഇത്തരത്തിൽ സെലക്ഷൻ കമ്മിറ്റി തട്ടിപ്പടച്ചത് എന്നാണ് പറയപ്പെടുന്നത്.

വിദ്യാഭ്യാസ പ്രക്ഷോഭത്തിനിടയിൽ പരിയാരം മെഡിക്കൽ കോളേജ് സംബന്ധിച്ച് രാഘവനും കൂട്ടരും പ്രചരിപ്പിച്ചുവരുന്ന കള്ളക്ക

ഥകൾ ഔദ്യോഗിക രേഖകളുടെ വെളിച്ചത്തിൽ തുറന്നുകാട്ടപ്പെട്ടു. ബന്ധപ്പെട്ടവർ കാര്യമായ മുതൽമുടക്കൊന്നുമില്ലാതെ ആരംഭിക്കുന്ന ആ കോളേജിൻെറ മേൽ ഇതുവരെയുള്ള മുതൽമുടക്കിൽ സിംഹഭാഗവും നടത്തിയ ഗവർമെണ്ടിനു നിയന്ത്രണം വേണമെന്നു ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള അഞ്ചു സെക്രട്ടറിമാരുടെ സമിതി നിർദ്ദേശിച്ചതു പുറത്തായപ്പോൾ നിയന്ത്രണം ഏർപ്പെടുത്തുന്നതിനു ഗവൺമെൻറ് തയാറായിട്ടുണ്ട്. ഗവർമെണ്ട് ആ കോളേജ് ഏറ്റെടുത്താലും ഇല്ലെങ്കിലും, അതുസംബന്ധിച്ച് ഗവർമെണ്ടും ബന്ധപ്പെട്ടവരും കൈക്കൊണ്ട നടപടികളെല്ലാം നിക്ഷിപ്ത താല്പര്യം വെച്ചാണ് എന്നു ജനങ്ങൾക്കു മുന്നിൽ തുറന്നുകാട്ടപ്പെട്ടിട്ടുണ്ട്. കേരളത്തിലെ വിദ്യാഭ്യാസരംഗത്തുള്ളത്രയും അഴിമതിയും കള്ളത്തരവും നിറഞ്ഞ ഏർപ്പാട് അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ലാത്തതുകൊണ്ടാണ് ഈ വർഷം വിദ്യാർഥികളും അധ്യാപകരും വിദ്യാഭ്യാസത്തിൻെറ വാണിജ്യവൽക്കരണത്തിനെതിരെ നടത്തിയ സമരത്തിൻെറ കുന്തമുന പരിയാരം മെഡിക്കൽ കോളേജ് ആയിത്തീർന്നത്.

## മൗലിക പ്രശ്നം

എന്നാൽ പരിയാരം മെഡിക്കൽ കോളേജ് ഗവർമെണ്ട് ഏറ്റെടുത്തു നടത്തണമോ വേണ്ടയോ എന്നതല്ല, കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ മൗലികപ്രശ്നം. നിലവിലുള്ള വിദ്യാലയങ്ങളിലെ അധ്യയന നിലവാരത്തിൽ രക്ഷിതാക്കൾ പൊതുവെ സംതൃപ്തരല്ലാത്തതാണ് അൺ എയ്ഡഡ് - സ്വാശ്രയ വിദ്യാലയങ്ങളും കോഴ്സുകളും തുടങ്ങുന്നതിനും സർക്കാർ - എയ്ഡഡ് വിദ്യാലയങ്ങൾ അടച്ചുപൂട്ടുന്നതിനും വളക്കൂറുള്ള മണ്ണൊരുക്കുന്നത്. ഈ അസംതൃപ്തി ഏതാനും അൺഎയ്ഡഡ്– സ്വാശ്രയ വിദ്യാലയങ്ങൾ ആരംഭിച്ചു പരിഹരിക്കാനാവില്ല എന്ന മുകളിൽ സൂചിപ്പിച്ചുകഴിഞ്ഞു: 12,000-ൽപരം സ്കൂളുകളുടെയും 200-ൽപരം കോളേജുകളുടെയും നിലവാരം ഉയർത്തുകയാണ് ഈ പ്രശ്നത്തിനു സ്ഥായിയായ പരിഹാരം. ഇവയിൽ സ്കൂളുകളുടെ ചുമതല ത്രിതല പഞ്ചായത്തുകളെ ഇപ്പോൾ ഏല്പിച്ചിരിക്കുകയാണല്ലോ. രക്ഷിതാക്കളും അധ്യാപകരും വേണ്ടപോലെ താല്പര്യമെടുത്താൽ, എത്ര പിന്നോക്കപ്രദേശത്തായാൽപോലും, പരീക്ഷകളിലെ വിജയശതമാനം ഗണ്യമായി ഉയർത്താൻ കഴിയും എന്നതിനു ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്. കുട്ടികൾക്കു പഠിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയും ഓരോരുത്തരെയും വേണ്ടവിധം സഹായിക്കുകയുമാണ് ആവശ്യം. അതുപോലെ സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും വേണം. ഇതു പുതിയ സംവിധാനത്തിൻകീഴിൽ വലിയ പ്രയാസംകൂടാതെ നടപ്പാക്കാൻ കഴിയും. അധ്യാപക പരിശീലനം മെച്ചപ്പെടുത്തൽ, അഞ്ചുവർഷം കൂടുമ്പോൾ പുനഃപരിശീലനം നടത്തൽ, ക്ലാസ്നോട്ട് വിശദമായി തയ്യാറാക്കൽ എന്നിവയും ഇതിനോടനുബന്ധിച്ച് വിദ്യാഭ്യാസവകുപ്പിൻെറ മേൽനോട്ടത്തിൽ നടപ്പാക്കാൻ കഴിയും.

കരിക്കുലം തന്നെ കാലാനുസൃതം പരിഷ്കരിക്കൽ, അതിനുയോജിച്ച രീതിയിൽ പാഠപുസ്തകം തയ്യാറാക്കൽ മുതലായി വിദ്യാഭ്യാസവ

J1035

കുപ്പ് ചെയ്യേണ്ടുന്ന കാര്യങ്ങളുണ്ട്. ഇവയിലെല്ലാം ഇപ്പോൾ തികഞ്ഞ അനാസ്ഥയും നിരുത്തരവാദിത്വവുമാണുള്ളത്. ഇതു തിരുത്താൻ ഗവർമെണ്ട് തന്നെ മുൻകൈയെടുക്കണം.

ഉന്നത വിദ്യാഭ്യാസരംഗത്ത് ഉണ്ടായിടത്തോളം നേട്ടങ്ങളെ നിഷേധിച്ചുകൊണ്ട് പുതിയൊരു സംവിധാനം നിലവിൽ വരുത്താനാണ് ആദ്യം സർവ്വകലാശാലാ നിയമ ഏകീകരണത്തിനു ശ്രമിച്ച ഗവർമെണ്ട് തുനിഞ്ഞത്. ഇതു പല കാരണങ്ങളാൽ നടപ്പില്ലെന്നു വന്നപ്പോൾ അൺഎയ്ഡഡ് 'സ്വാശ്രയ' കോളേജുകളും കോഴ്സുകളും നടപ്പാക്കുന്നതിലായി ഗവർമെണ്ടിൻെറ ശ്രദ്ധ. നിലവിലുള്ള പ്രീഡിഗ്രി - ഡിഗ്രി കോഴ്സുകളിലായി പഠിക്കുന്ന ലക്ഷക്കണക്കിനു വിദ്യാർഥികളുടെ പഠനം മെച്ചപ്പെടുത്തുന്നതിനു നടപടികളെടുക്കാതെ ഏതാനും ആയിരം വിദ്യാർഥികൾക്കുവേണ്ടി വൻഫീസുവാങ്ങി 'മെച്ചപ്പെട്ട' വിദ്യാഭ്യാസം നൽകിയതുകൊണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസനിലവാരം ഉയരില്ല. നിലവിലുള്ള വിദ്യാലയങ്ങളിലൂടെ ചെലവഴിക്കപ്പെടുന്ന പൊതുഖജനാവിലെ പണം കാര്യക്ഷമമായി ചെലവഴിക്കാതെ ഈ രംഗത്തേക്കു പുതുതായി പണം സമാഹരിക്കാനുമാവില്ല.

രാജ്യത്താകെ ഭക്ഷ്യക്ഷാമമടക്കം കൊടുമ്പിരിക്കൊണ്ട് ജനങ്ങൾ തിണ്ടാടുമ്പോൾ, ചില സാമൂഹ്യദ്രോഹികൾ കരിഞ്ചന്തക്കു മുതിരും. കാശുള്ളവർക്ക് അതുവഴി ആവശ്യത്തിനു ഭക്ഷ്യസാധനങ്ങൾ ലഭിക്കും. എന്നുവെച്ച് ആ ഏർപ്പാടിനെ ആരും ശരിവെക്കാറില്ല. കാരണം അതു ഭക്ഷ്യക്ഷാമത്തിനു പരിഹാരമല്ല. ജനങ്ങളെ കൊള്ളയടിക്കാനേ അതുപകരിക്കൂ. അതുപോലെയാണ് പൊതുവിദ്യാലയങ്ങളിലെ നിലവാരമില്ലായ്മ സാർവ്വത്രിക പ്രശ്നമായിരിക്കെ, അതിനു പരിഹാരമായി അൺ എയ്ഡഡ് - 'സ്വാശ്രയ ' വിദ്യാലയങ്ങൾ ഏർപ്പെടുത്തുന്നത്. വിദ്യാഭ്യാസത്തെ വ്യക്തിനിഷ്ഠമായി സമീപിക്കുന്നവർക്കേ ഇതിനെ ന്യായീകരിക്കാൻ കഴിയൂ. വിദ്യാഭ്യാസമെന്ന് സാമൂഹ്യപ്രശ്നത്തിനുള്ള പരിഹാരമാർഗ്ഗം ഇതല്ല, മുകളിൽ വിവരിച്ചതാണ്.

ദരിദ്രർക്കും സാധാരണക്കാർക്കും സമ്പന്നർക്കും വിദ്യാഭ്യാസസൗകര്യം ഒരുപോലെ ലഭ്യമാക്കുന്നതിനുപകരം, പാവപ്പെട്ടവർക്കു അതു കുറയ്ക്കുകയും പണക്കാർക്കു അതു വർദ്ധിപ്പിക്കുകയും ചെയ്യുന്ന യുഡിഎഫ് ഗവർമെണ്ടിൻെറ വിദ്യാഭ്യാസനയം തുടരാൻ അനുവദിക്കണമോ എന്നതാണ് കേരളത്തിൽ ഇന്നു വിദ്യാഭ്യാസരംഗത്തെ മൗലിക പ്രശ്നം. പുതിയ നയം വ്യാപകമായാൽ പാവപ്പെട്ടവർക്കു വിദ്യാഭ്യാസം ഫലത്തിൽ നിഷേധിക്കപ്പെടും. അവർ വീണ്ടും സമ്പന്നരുടെ അടിമകളാകുന്നതിന് അതു ഇടയാക്കും. അതു തടയണമെങ്കിൽ ഈ പുതിയ വിദ്യാഭ്യാസനയത്തെ ഇവിടെ വെച്ചുതന്നെ നുള്ളിക്കളയേണ്ടിയിരിക്കുന്നു. അതിനു യുഡിഎഫ് ഗവർമെണ്ട് തയ്യാറല്ല എന്നാണ് വിദ്യാഭ്യാസപ്രക്ഷോഭത്തോട് അവർ കൈക്കൊണ്ട നിഷേധാത്മക സമീപനം വെളിവാക്കുന്നത്. അതിനാൽ വിദ്യാഭ്യാസത്തെ രക്ഷിക്കാൻ ആസന്നമായ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ യുഡിഎഫിനെ ഭരണത്തിൽനിന്നു വലിച്ചെറിയേണ്ടിയിരിക്കുന്നു.

തിരുവനന്തപുരം,

4..1..1996

# വിദ്യാഭ്യാസ കച്ചവടത്തിനെതിരെ അണിനിരക്കുക

320.954
VID

സി.പി.ഐ.(എം) കേരള സംസ്ഥാനകമ്മിറ്റി
പ്രസിദ്ധീകരിക്കുന്നത്

വില: 0.75 രൂപ

Indic Digital Archive Foundation
gpura.org